# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.247 28/10/2019-ൽ മറുപടിക്ക്

### ഹൃദ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | കുട്ടികളുടെ ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സ നൽകുന്ന ഹൃദ്യം പദ്ധതി മുഖേന എന്തെല്ലാം ചികിത്സാ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | എ) | ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിനു പൂർണമായും സൗജന്യചികിത്സ ലഭ്യമാണ്. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ് നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ് കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ഹൃദ്യം'. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ് വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമം ആക്കുകയും ചെയ്യുന്നു. 'ഹൃദ്യം' പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഹൃദയ സംബന്ധമായ അസുഖബാധിതരായ 18 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാ ചികിത്സാ സേവനങ്ങളും പദ്ധതി മാനദണ്ഡ പ്രകാരം ലഭ്യമാകുന്നു. |
| ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് അറിയിക്കാമോ? | ബി) | ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ജനനം മുതൽ 18 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. ഹൃദ്യം സൈറ്റിൽ രജിസ്റ്റർ ചെയ്ത് അതാത് ഡി.ഇ.ഐ.സി യുടെ ഇടപെടൽ വഴി മാത്രമേ ചികിത്സാസേവനങ്ങൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുകയുള്ളൂ. പദ്ധതിയിൽ രജിസ്റ്റർ ചെയ്യാതെ നേരിട്ട് ആശുപത്രികളെ സമീപിക്കുന്നവർക്കു പദ്ധതിയുടെ ഗുണഫലം ലഭ്യമാകണമെന്നില്ല . പദ്ധതി APL/ BPL ഭേദമന്യേ എല്ലാ കേരളീയരായ 18 വയസ്സുവരെയുള്ള കുട്ടികൾക്കും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ